ഇ/93666/2019/ഉ.മേ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം,
ഉത്തരമേഖല, കോഴിക്കോട്,പിൻ – 673020
ഫോൺ നം.0495 2370985
ഇ-മെയിൽ dtckkd@keralamvd.gov.in
തിയ്യതി – 09.04.2019.

പ്രേഷിതൻ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
ഉത്തരമേഖല, കോഴിക്കോട്.

സ്വീകർത്താവ്

എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ എൻഫോഴ്മെന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിൻറ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ചരക്ക് വാഹനങ്ങളിൽ അമിതഭാരം കയറ്റി നികുതി വെട്ടിപ്പ് നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് അയക്കുന്നത് - സംബന്ധിച്ച്

സൂചനം:- ബഹു: ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലെ 04.04.2019 തിയ്യതിയിലെ E2/21/2019/TC നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരം ചരക്ക് വാഹനങ്ങളിൽ അമിതഭാരം കയറ്റി നികുതി വെട്ടിപ്പ് നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ബന്ധപ്പെട്ട റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ അടക്കം ക്രോഡീകരിച്ച് ഓരോ മാസവും 4 ആം തിയതിക്ക് മുൻപായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. എൻഫോഴ്മെന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ അവരുടെ കീഴിലെ ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് ക്രോഡീകരിച്ച് അയച്ച് തരേണ്ടതാണ്. റിപ്പോർട്ടിൽ പരിശോധിച്ച വാഹനങ്ങളുടെ എണ്ണം, അമിതഭാരം കണ്ടെത്തിയ വാഹനങ്ങളുടെ എണ്ണം , നടപടി സ്വീകരിച്ച വാഹനങ്ങളുടെ എണ്ണം , എടുത്ത നടപടികൾ ഏതൊക്കെ , ഈടാക്കിയ പിഴത്തുക എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബഹു: ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലെ 04.04.2019 തിയ്യതിയിലെ E2/21/2019/TC നമ്പർ കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
ഉത്തരമേഖല, കോഴിക്കോട്.

ഉള്ളടക്കം: ബഹു: ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലെ 04.04.2019 തിയ്യതിയിലെ E2/21/2019/TC നമ്പർ കത്ത്.